# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തവനൂരിലെ കേളപ്പജി അഗ്രി. എഞ്ചിനീയറിംഗ് കോളേജിൽ 2016 അദ്ധ്യയന വർഷത്തേക്ക് B.Tech. (Ag.Engg.) ൽ സ്റ്റേറ്റ് മെറിറ്റിൽ 2 സീറ്റുകളും, B.Tech.(Food Engg.) ൽ ഒരു ഈഴവ, ഒരു SC സീറ്റും ഒഴിവുള്ളതിലേക്ക് 2016 ഓഗസ്റ്റ് 12 ന് പ്രസ്തുത കോളേജിൽ വെച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

കേരള എൻട്രൻസ് പരീക്ഷ കമ്മീഷണർ 2016 ൽ നടത്തിയ എഞ്ചിനീയറിംഗ് പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് അഡ്മിഷൻ യോഗ്യത. സംവരണ വിഭാഗങ്ങളിൽ ഉള്ള അപേക്ഷകർ ഇല്ലാത്ത പക്ഷം പ്രസ്തുത സീറ്റുകൾ നിബന്ധനകൾക്ക് വിധേയമായി ഇതര വിഭാഗങ്ങൾക്ക് അനുവദിക്കുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്നവർ 2016 ഓഗസ്റ്റ് 12 (വെള്ളിയാഴ്ച) രാവിലെ കൃത്യം 11 മണിക്ക് കാർഷിക സർവ്വകലാശാലയുടെ മലപ്പുറം ജില്ലയിലെ തവനൂർ കേളപ്പജി അഗ്രി.എഞ്ചിനീയറിംഗ് കോളേജിൽ ഹാജരാകേണ്ടതാണ്. എൻട്രൻസ് പരീക്ഷ കമ്മീഷണർ നൽകിട്ടുള്ള റാങ്ക് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയ സ്കോർഷീറ്റ്, യോഗ്യതകൾ തെളിയിക്കുന്ന അസൽ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ കൈവശമുള്ള അപേക്ഷാർത്ഥികളെ മാത്രമേ സ്പോട്ട് അഡ്മിഷനു പരിഗണിക്കുകയുള്ളു. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ ഫീസ് കോളേജിൽ അടക്കേണ്ടതാണ്. ബി.ടെക്.(അഗ്രി.എഞ്ചി.) ന് 10,890 രൂപയും, ബി.ടെക്(ഫുഡ് എഞ്ചി.)ന് 36,250 രൂപയുമാണ് ഫീസ് അടക്കേണ്ടത്. മേൽ പറഞ്ഞ രേഖകളും, നിശ്ചിത ഫീസും അന്നേ ദിവസം ഹാജരാക്കാൻ കഴിയാത്ത വിദ്യാർത്ഥികളെ അഡ്മിഷന് പരിഗണിക്കുകയില്ല. സ്പോട്ട് അഡ്മിഷന് നിശ്ചിത രേഖകളും, ഫീസുമായി കൃത്യ സമയത്ത് ഹാജരായിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും അവരുടെ Entrance Rank ന്റെ അടിസ്ഥാനത്തിൽ ആയിരിക്കും അഡ്മിഷൻ നൽകുക. ടി.സി/സി.സി എന്നിവ പ്രവേശനം നേടിയതിനു ശേഷം മാത്രം ഹാജരാക്കിയാൽ മതിയാകും. 12/08/2016 നു രാവിലെ 11 മണിക്കു ശേഷം ഹാജരാകുന്ന അപേക്ഷാർത്ഥികളെ യതൊരു കാരണവശാലും സ്പോട്ട് അഡ്മിഷൻ ഹാളിൽ പ്രവേശിപ്പിക്കുന്നതോ ഇത് സംബന്ധിച്ച് ഒരു വിധ പരാതികളും പരിഗണിക്കുന്നതോ അല്ല. സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച് യാതൊരുവിധ വ്യക്തിഗത അറിയിപ്പുകളും സർവ്വകലാശാല നൽകുന്നതല്ല.

**രജിസ്ട്രാർ**